www.snbssamajam.in

Phone : 2820666


# S.N.B.S. SAMAJAM

Irinjalakuda

Reg.No.5/1103

## ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം

ഇരിങ്ങാലക്കുട



...................2020.....................

# 92-ാം വാർഷിക
# പൊതുയോഗ നോട്ടീസ്

# എസ്.എൻ.ബി.എസ്. സമാജം (രജി.) ഇരിങ്ങാലക്കുട
## (ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം)

### ഭരണസമിതി അംഗങ്ങൾ

| | | |
|---|---|---|
| 1. | ശ്രീ. എം. കെ. വിശ്വംഭരൻ | പ്രസിഡണ്ട് |
| 2. | ശ്രീ. പ്രവികുമാർ ചെറാക്കുളം | വൈസ് പ്രസിഡണ്ട് |
| 3. | ശ്രീ. രാമാനന്ദൻ ചെറാക്കുളം | സെക്രട്ടറി |
| 4. | ശ്രീ. സിബിൻ കൂനാക്കംപ്പിള്ളി | ജോ. സെക്രട്ടറി |
| 5. | ശ്രീ. ഗോപി മണമാടത്തിൽ | ട്രഷറർ |
| 6. | ശ്രീ. സജീവ് എലിഞ്ഞിക്കോടൻ | കമ്മിറ്റി മെമ്പർ |
| 7. | ശ്രീ. പ്രകാശൻ കുരുമ്പംകണ്ടത്ത് | കമ്മിറ്റി മെമ്പർ |
| 8. | ശ്രീ. പ്രദീപ് എളന്തോളി | കമ്മിറ്റി മെമ്പർ |
| 9. | ശ്രീ. പ്രദീപ് ചോളിപറമ്പിൽ | കമ്മിറ്റി മെമ്പർ |
| 10. | ശ്രീ. ജ്യോതിലാൽ എളന്തോളി | കമ്മിറ്റി മെമ്പർ |
| 11. | ശ്രീ. സത്യൻ തറയിൽ | കമ്മിറ്റി മെമ്പർ |
| 12. | ശ്രീ. കുമാരൻ പൊതുമ്പുചിറക്കൽ | കമ്മിറ്റി മെമ്പർ |
| 13. | ശ്രീ. സുരേഷ് തുമ്പരത്തി | കമ്മിറ്റി മെമ്പർ |
| 14. | ശ്രീ. വിജു കൊറ്റിക്കൽ | കമ്മിറ്റി മെമ്പർ |
| 15. | ശ്രീ. സോമസുന്ദരൻ കൊളത്തുപറമ്പിൽ | കമ്മിറ്റി മെമ്പർ |

### ഇന്റേണൽ ഓഡിറ്റേഴ്സ്

ശ്രീ. ടി. ജി. ഹരി & ചന്ദ്രൻ. കെ. കെ.

### ലീഗൽ അഡ്വൈസർ

അഡ്വ. എൻ. കെ. പ്രമോദ്

### ഓഡിറ്റർ

ഉണ്ണികൃഷ്ണൻ & കമ്പനി, ചാർട്ടേഡ് എക്കൗണ്ടന്റ്, ഇരിങ്ങാലക്കുട

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട (രജി.)

## 2019-20 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

മാന്യ മെമ്പർമാരെ,

2019 ജൂലായ് 7-ാം തിയ്യതി നടത്താനിരുന്ന 91-ാം വാർഷിക പൊതുയോഗം കോടതി ഉത്തരവിനെ തുടർന്ന് തെരഞ്ഞെടുപ്പോടുകൂടിയ പൊതുയോഗം നടത്താൻ സാധിക്കാത്തതിനെ തുടർന്ന് നീട്ടി വെക്കേണ്ടതായി വന്നു.

**കുറികൾ**

സമാജത്തിൽ ഈ റിപ്പോർട്ട് വർഷത്തിൽ 5 കുറികളാണ് ഉണ്ടായിരുന്നത്. അതിൽ ഒരു കുറി വട്ടമെത്തുകയുണ്ടായി. കുറിയിൽ നിന്നുള്ള ആദായം ഓരോ വർഷവും കുറയുന്നു. ഇനി രണ്ടു മൂന്നു വർഷം കൂടി കഴിഞ്ഞാൽ അവസാനിക്കുകയും ചെയ്യും. അതിനാൽ പുതിയ വരുമാന മാർഗ്ഗം അന്വേഷിക്കേണ്ടതുണ്ട്.

**അംഗങ്ങൾ**

സമാജത്തിൽ ആകെ 2438 അംഗങ്ങളാണ് ഇപ്പോൾ നിലവിലുള്ളത്.

**ക്ഷേത്രഭരണം**

ക്ഷേത്രത്തിലെ പൂജകളും മറ്റും ക്ഷേത്രമേൽശാന്തി മണിശാന്തിയുടെ നേതൃത്വത്തിൽ വളരെ ഭംഗിയായി നടന്നു വരുന്നു. ആനയൂട്ടും മഹാഗണപതിഹോമവും ഔഷധകഞ്ഞി വിതരണവും ആഗസ്റ്റ് മാസം 11-ാം തിയ്യതി ഞായറാഴ്ച നടത്തുകയുണ്ടായി. കർക്കിടകവാവു ദിവസം അനേകം പേർ ബലിതർപ്പണം നടത്തുകയുണ്ടായി. ബലിതർപ്പണത്തിന് എല്ലാ സൗകര്യങ്ങളും കമ്മറ്റി ചെയ്ത് കൊടുക്കുകയുണ്ടായി.

ക്ഷേത്രത്തിലെ അഷ്ടമംഗലപ്രശ്നം ജൂൺ 27, 28 തിയ്യതി ചോറ്റാനിക്കര പുതുവാമന ഹരിദാസൻ നമ്പൂതിരിയുടെയും മറ്റം ജയകൃഷ്ണൻ പണിക്കരുടേയും ക്ഷേത്രം തന്ത്രി രാഗേഷ് തന്ത്രിയുടേയും മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെടുകയുണ്ടായി. അഷ്ടമംഗലപ്രശ്നത്തോടനുബന്ധിച്ച് നടത്തേണ്ട പരിഹാരക്രിയകൾക്കും അഷ്ടബന്ധ നവീകരണ കലശം നടത്തുന്നതിനും ഒരു കമ്മറ്റിയെ തെരഞ്ഞെടുത്തു രക്ഷാധികാരികളായി എം.കെ.ശ്രീധരൻ മുക്കുളം, അശോകൻ മണക്കുന്നത്ത്, സുധാകരൻ പോളശ്ശേരി, രാജൻ മഠത്തിക്കര, കെ.കെ.കൃഷ്ണാനന്ദബാബു, കെ.കെ.ചന്ദ്രൻ കണ്ടേങ്ങാട്ടിൽ, പ്രദീപ് തവരങ്ങാട്ടിൽ, സി.കെ.മരുളീധരൻ ചെറാക്കുളം, ശ്രീധരൻ നടുവളപ്പിൽ, സി.ഡി.പ്രവികുമാർ ചെറാക്കുളം ചെയർമാൻ ആയി. എം.കെ.വിശ്വംഭരൻ മുക്കുളം ജനറൽ കൺവീനറായി, സന്തോഷ് ചെറാക്കുളം, വൈസ് ചെയർമാന്മാരായി എം.വി.ഗംഗാധരൻ മുക്കുളം, കുട്ടൻ കണ്ണാംകുളം, ബാലചന്ദ്രൻ ചെറാക്കുളം, അരുണൻ ചുക്കത്ത്, വേണു തോട്ടുങ്ങൽ, ബിന്ദു ഷൈജു, കൺവീനർമാരായി ശശി വെളിയത്ത്, കെ.എൻ.പ്രകാശൻ, പവനൻ എലിഞ്ഞിക്കോടൻ, ബിന്നി അതിരിങ്ങൽ, കൃഷ്ണകുമാർ വള്ളൂപറമ്പിൽ, വത്സല ശശി, അശോകൻ എളന്തോളി എന്നിവരേയും, ജോ.കൺവീനർമാരായി ഹേമ ആനന്ദ്, അജിത രമേഷ്, ടിജി.ഹരി, സുനിൽ അളകാപുരി, സുനിൽ മഠത്തിക്കര, ബൈജു പ്രകാശൻ മുക്കുളം, സന്തോഷ് കൈമാപറമ്പിൽ കൂടാതെ 34 കമ്മറ്റി അംഗങ്ങളേയും തെരഞ്ഞെടുത്തു. 2019 നവംബർ 8 മുതൽ 14 വരെയാണ് അഷ്ടബന്ധ നവീകരണ കലശം നടന്നത്. 10 ലക്ഷത്തിൽപരം രൂപ ചെലവു വന്നതിൽ ഒരു രൂപ പോലും സമാജത്തിൽ നിന്ന് എടുക്കാതെ നടത്താൻ കമ്മറ്റിയുടെ അക്ഷീണ പ്രയത്നത്തിന്റെ ഫലമായി സാധിച്ചു. എല്ലാദിവസവും അന്നദാനം ഉണ്ടായിരുന്നു. തുലാമാസത്തിലെ വാവുബലി തർപ്പണവും

ശിവരാത്രി ബലിതർപ്പണത്തിനും ധാരാളം ആളുകൾ ഉണ്ടായിരുന്നു.

**കോവിഡ് - 19**

മാർച്ച് അവസാനം മുതൽ കോവിഡ് 19 എന്ന മഹാരോഗം വന്നതിനാൽ അടച്ചുപൂട്ടൽ വേണ്ടിവന്നു. അമ്പലത്തിൽ പൂജ മുടങ്ങാതെ നടന്നു എന്നുമാത്രം. സമാജം ഹാളും അടച്ചുപൂട്ടി. നല്ലൊരു സാമ്പത്തിക നഷ്ടം അടച്ചു പൂട്ടൽ കാരണം സമാജത്തിന് ഉണ്ടായി.

**ഗുരുമന്ദിരം**

ശ്രീ പോളശ്ശേരി സുധാകരൻ അവർകൾ സമാജത്തിന് സമർപ്പിച്ച ഗുരുമന്ദിരത്തിൽ എല്ലാ മാസത്തിലേയും ചതയദിനത്തിൽ പ്രത്യേകപൂജയും. സമൂഹ പ്രാർത്ഥനയും, ഗുരുപ്രഭാഷണവും അതിനുശേഷം പ്രസാദഊട്ടും നടന്നുവരുന്നു. അഷ്ടമംഗല പ്രശ്ന വിധി പ്രകാരം ശ്രീനാരായണഗുരുവിന്റെ പാദപ്രതിഷ്ഠ, ഗുരുവിന്റെ പ്രതിഷ്ഠമാത്രമാക്കി പാദപ്രതിഷ്ഠ എടുത്തുമാറ്റി അതിന്റെ ലോഹം കൊണ്ട് ഒരു വിളക്ക് ശിവഗിരിയിലേക്ക് കൊടുത്തു. ഇത് ക്ഷേത്രംതന്ത്രിയുടേയും, ശിവഗിരിമഠാധിപന്റെയും അഭിപ്രായപ്രകാരമാണ് നടത്തിയത്. ഇതിന് ശ്രീ പോളശ്ശേരി സുധാകരൻ അവർകളുടെ അനുവാദവും വാങ്ങിയിരുന്നു.

**നടപ്പന്തൽ**

ശ്രീ തറയിൽ ബാലൻ അവർകളുടെ സ്മരണയ്ക്കായി അവരുടെ കുടുംബാംഗങ്ങൾ പണികഴിപ്പിച്ച് സമർപ്പിച്ച നടപന്തലിൽ ധാരാളം വിവാഹങ്ങളും ക്ഷേത്രസംബന്ധമായ മറ്റു ചടങ്ങുകളും നടന്നുവരുന്നുണ്ട്.

**ശ്രീനാരായണഹാളും മിനി ശ്രീനാരായണഹാളും**

ശ്രീനാരായണ മെയിൻ ഹാളിൽ കല്ല്യാണങ്ങൾ ധാരാളം നടന്നുവരുന്നുണ്ട്. എന്നാൽ മിനിഹാളിൽ കല്ല്യാണങ്ങൾ വളരെ കുറവാണ്. കാലോചിതമായ മാറ്റങ്ങൾ മിനിഹാളിൽ നടത്തിയാൽ മാത്രമേ അവിടെ കല്ല്യാണങ്ങൾ ലഭിക്കുകയുള്ളൂ.

**മാതൃസംഘം**

മാതൃസംഘത്തിലെ സഹോദരിമാർ ക്ഷേത്രത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി നല്ല രീതിയിൽ സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. ക്ഷേത്രത്തിലെ വിശേഷദിവസങ്ങളായ ഷഷ്ഠി, ചതയം, ബലിതർപ്പണം മുതലായ ദിവസങ്ങളിൽ അവരുടെ സാന്നിദ്ധ്യവും പ്രവർത്തനവും ഏറെ ഗുണകരമായി അനുഭവപ്പെടുന്നു. മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോകുന്ന മാതൃസംഘത്തിന്റെ എല്ലാവിധ പ്രവർത്തനങ്ങൾക്കും സമാജത്തിന്റെ പിന്തുണ വാഗ്ദാനം ചെയ്യുന്നു.

**എസ്.എൻ.ബി.എസ്. സമാജം എൽ.പി.സ്കൂൾ**

നമ്മുടെ സമാജത്തിന്റെ അഭിമാനമായ പുല്ലൂർ എസ്.എൻ.ബി.എസ്. സമാജം എൽ.പി.സ്കൂൾ നല്ല രീതിയിൽ നടന്നു വരുന്നു. എന്നാൽ കുട്ടികളെ മിക്കവരും സെൻട്രൽ ഇംഗ്ലീഷ് സ്കൂളുകളിൽ ചേർത്തി പഠിപ്പിക്കുന്നതുമൂലം കുട്ടികളെ കിട്ടാൻ വളരെ പ്രയാസപ്പെടുന്നുണ്ട്. നമ്മുടെ ആളുകൾ ഇക്കാര്യത്തിൽ ശ്രദ്ധ ഉണ്ടായില്ലെങ്കിൽ കുട്ടികൾ കുറഞ്ഞ് ഡിവിഷനുകൾ കുറയാൻ ഇടയുണ്ട്. കഴിഞ്ഞ വാർഷിക പ്രവർത്തന റിപ്പോർട്ടിൽ പ്രതിപാദിച്ചപോലെ സമാജം എൽ.പി.സ്കൂളിലെ മാനേജറിന്റെ നിയമനത്തിന്റെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. അംഗീകാരം സംബന്ധിച്ചകേസ് ഇപ്പോഴും തിരുവനന്തപുരം ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.

ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ സമാജത്തിന് എതിരെ സുരേഷ്, ഷൺമുഖൻ എന്നിവർ ബോധിപ്പിച്ച OS 3290/2016 -ാം നമ്പർ കേസും, സുരേഷ്ബാബു ബോധിപ്പിച്ച OS 612/2019 -ാം നമ്പർ കേസും വിജയൻ, മോഹൻലാൽ എന്നിവർ ബോധിപ്പിച്ച OS 572/2019 -ാം നമ്പർ കേസും നിലവിൽ ഉള്ളതാണ്. OS 612/2019,

OS 572/2019 നമ്പർ കേസുകളിലെ വാദികളെ സമാജം അംഗത്വത്തിൽ നിന്നും 21-04-2019ലെ വിശേഷാൽ പൊതുയോഗത്തിൽ പുറത്താക്കിയ നടപടി അസാധുവാണെന്ന് പ്രഖ്യാപിക്കുന്നതിനും വാദികളുടെ പേര് വോട്ടർപട്ടികയിൽ നിന്നും നീക്കം ചെയ്യുകയോ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനെതിരെ നടക്കുകയോ, ചെയ്തുപോകരുതെന്ന ഇൻജെക്ഷൻ നിർവ്വത്തിക്കുമാണ് കേസുകൾ. OS 3240/2019 നമ്പർ കേസിൽ ആവശ്യപ്പെട്ടിട്ടുള്ളത് 2016 ഒക്ടോബർ മാസത്തിലും 15-11-2016ലും ഉണ്ടായ സമാജം യോഗവും അതിലെ തീരുമാനങ്ങളും പ്രതിക്കും സമാജത്തിനും ബാധകമല്ലെന്ന് സ്ഥാപിക്കാനും, സമാജത്തിലെ ഭാരവാഹികളെ പുറത്താക്കിയെന്ന് അവകാശപ്പെട്ട പ്രസിഡന്റ്, ട്രഷറർ, ജോ.സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിക്കാൻ കൃഷ്ണകുമാർ , സിബിൻ, സത്യൻ എന്നിവർക്ക് അവകാശമില്ലെന്ന് സ്ഥാപിക്കാനുമാണ്

**എസ്.എൻ.വൈ.എസ്. ലൈബ്രറി**

ലൈബ്രറിയുടെ അഭിവൃദ്ധിക്കുവേണ്ടി എല്ലാവിധ സഹായസഹകരണങ്ങളും സമാജം കമ്മറ്റി നൽകി വരുന്നു. അഖില കേരള പ്രൊഫഷണൽ നാടക മത്സരം ഗംഭീരമാക്കുവാൻ എസ്.എൻ.വൈ.എസ്. പ്രവർത്തകർക്ക് സാധിച്ചിട്ടുണ്ട്.

**ശ്രീനാരായണജയന്തി**

165-ാം ശ്രീനാരായണ ഗുരുജയന്തി 2019 സെപ്തംബർ 13-ാം തിയ്യതി വെള്ളിയാഴ്ച ഭക്തിപൂർവ്വം ഗംഭീരമായി ആഘോഷിച്ചു. ഇത്തവണ എസ്.എൻ.ബി.എസ്.സമാജം , എസ്.എൻ.വൈ.എസ്., എസ്.എൻ.ഡി.പി.യോഗം മുകുന്ദപുരം യൂണിയൻ, ടൗൺ 1,2 മേഖലയിലെ ശാഖായോഗങ്ങൾ, ഇരിങ്ങാലക്കുടയിലെ ഇതര ശ്രീനാരായണപ്രസ്ഥാനങ്ങൾ എന്നിവയും സംയുക്ത അഭിമുഖ്യത്തിലാണ് ശ്രീനാരായണഗുരു ജയന്തി ആഘോഷിച്ചത്. കൃത്യം 4 മണിക്ക് ശ്രീ കൂടൽമാണിക്യം ക്ഷേത്രപരിസരത്തു നിന്നും ഘോഷയാത്ര താളമേള വാദ്യഘോഷങ്ങളുടെ അകമ്പടിയോടെ ആരംഭിച്ച് 5 മണിയോടെ ശ്രീ വിശ്വനാഥപുരം ക്ഷേത്രാങ്കണത്തിൽ എത്തിച്ചേർന്നു. തുടർന്ന് നടന്ന പൊതുസമ്മേളനം പ്രശസ്ത സിനിമാ സംവിധായകൻ മേജർ രവി ഉദ്ഘാടനം ചെയ്തു. എസ്.എൻ.ബി.എസ്.സമാജം നടത്തിയ സാഹിത്യ മത്സരത്തിലെ വിജയികൾക്കും, എസ്.എൻ.വൈ.എസ്. നടത്തിയ ചിത്രരചനാ മത്സരത്തിലെ വിജയികൾക്കും സമ്മാനങ്ങളും ക്യാഷ് അവാർഡും നൽകുകയുണ്ടായി. പൊതുസമ്മേളനത്തിൽ വെച്ച് വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വിശിഷ്ട വ്യക്തികളായ പ്രശസ്ത ഗാനരചയിതാവ് ശ്രീ.പ്രതാപ്സിംഗ്, മാനേജ്മെന്റ് സ്റ്റഡീസിൽ ഡോക്ടറേറ്റ് നേടിയ കാലടി ശ്രീ ശങ്കരാചാര്യ കോളേജിലെ അസി.പ്രൊഫസർ സ്മൃതി അശോകൻ, മറൈൻ സയൻസിൽ ഡോക്ടറേറ്റ് നേടിയ ടി.എസ്.ശാലിനി, കാലിക്കറ്റ് യൂണിവേഴ്സിറ്റി എൽ.എൽ.ബി.പരീക്ഷയിൽ 1-ാം റാങ്ക് നേടിയ കുമാരി കാവ്യ മനോജ്, മികച്ച അദ്ധ്യാപികയ്ക്കുള്ള സംസ്ഥാന അവാർഡ് നേടിയ **SNHSS** പ്രിൻസിപ്പാൾ ശ്രീമതി.സുനിത ടീച്ചർ എന്നിവരെ ആദരിച്ചു. സമ്മേളനാനന്തരം മാതൃസംഘം വിശ്വനാഥപുരം ക്ഷേത്രം അവതരിപ്പിച്ച തിരുവാതിരക്കളി, തുറവൻകാട് എസ്.എൻ.ഡി.പി.ശാഖ അവതരിപ്പിച്ച നാടൻപാട്ട്, നൃത്തം, ആനരുളി എസ്.എൻ.ഡി.പി. ശാഖ വനിതാസംഘം അവതരിപ്പിച്ച തിരുവാതിരക്കളി, താളം മ്യൂസിക്ക് അക്കാദമി ഇരിങ്ങാലക്കുട അവതരിപ്പിച്ച മ്യൂസിക്ക് ബാന്റ് എന്നിവ ഉണ്ടായിരുന്നു.

**സമാധി ദിനാചരണം**

ശ്രീനാരായണഗുരു സമാധി ദിനാചരണം ക്ഷേത്രമേൽശാന്തിയുടെ നേതൃത്വത്തിൽ ഗുരുപൂജയും, സമൂഹപ്രാർത്ഥനയും അന്നദാനവും നടത്തി.

**ഷഷ്ഠിമഹോത്സവം**

പ്രാദേശിക ഷഷ്ഠി ഉത്സവാഘോഷകമ്മറ്റികളുടെയും മറ്റുസഹൃദയരുടെയും മാസങ്ങളോളം നീണ്ടു നിന്ന കഠിന പ്രയത്നത്തിന്റെ ഫലമായി ശ്രീ വിശ്വനാഥപുരം ക്ഷേത്രത്തിലെ ഷഷ്ഠിമഹോത്സവം കേരളത്തിലെ മഹത്തായ ഒരു ഉത്സവമെന്ന പ്രശസ്തി നേടികഴിഞ്ഞു. റിപ്പോർട്ടു വർഷത്തെ ഷഷ്ഠി 25-01-2020ന് കൊടികയറി, 2020 ഫെബ്രുവരി 01ന് ആറാട്ടോടുകൂടി സമാപിച്ചു. ഇത്തവണത്തെ നാടകമത്സരം ജനുവരി 24ന് ഉദ്ഘാടനം ചെയ്തു. 30-1-2020ന് നാടകമത്സരം സമാപനസമ്മേളനത്തോടെ അവസാനിച്ചു. നാടകമത്സരത്തിന്റെ

ആരംഭം മുതൽ അവസാനം വരെ ഓരോ ദിവസവും പ്രത്യേക പരിപാടികൾ ഉണ്ടായിരുന്നു.

പ്രാദേശിക ഷഷ്ഠി ആഘോഷകമ്മറ്റി വിഭാഗങ്ങളുടെ സഹകരണത്തോടെ ഷഷ്ഠി ദിവസം ഉച്ചതിരിഞ്ഞ് 3.30ന് 9 ഗജവീരന്മാരെ അണിനിരത്തി പൂരം എഴുന്നെള്ളിപ്പ് ഉണ്ടായിരുന്നു. രഘു മാരാർ & പാർട്ടിയുടെ നേതൃത്വത്തിൽ ഉള്ള മേളം ഏറെ ആസ്വാദ്യകരമായിരുന്നു. ഷഷ്ഠിദിവസം രാത്രി 9 മണിക്ക് കലാക്ഷേത്ര ഡാൻസ് & മ്യൂസിക്ക് ലേണിംഗ് സെന്റർ മാള അവതരിപ്പിച്ച നൃത്ത ലാസ്യ നടനം എന്ന ശാസ്ത്രീയ നൃത്തപരിപാടി ഏറെ ശ്രദ്ധ ആകർഷിച്ച ഒന്നായിരുന്നു.

ഈ റിപ്പോർട്ട് വർഷത്തെ ഷഷ്ഠിക്ക് സമാജത്തിന്റെ മെയിൻ ഗേയ്റ്റിന് മുമ്പിൽ റോഡിൽ 5 നിലകളോടു കൂടിയ അലങ്കാര പന്തൽ 2.5 ലക്ഷം രൂപ ചെലവിൽ ഇടുവാൻ സാധിച്ചു. ആയതിന് സമാജ സ്നേഹികളുടേയും സമാജം ഭാരവാഹികളും സാമ്പത്തികമായി സഹകരിച്ചതുകൊണ്ടാണ് സാധിച്ചത്. ഷഷ്ഠി മഹോത്സവം ഭംഗിയായി നടത്താൻ സഹകരിച്ച പ്രാദേശിക ഷഷ്ഠി ആഘോഷ വിഭാഗക്കാരോടും എസ്.എൻ.വൈ.എസ്. പ്രവർത്തകരോടും സമാജം സ്റ്റാഫ്, പോലീസ് ഉദ്യോഗസ്ഥർ, സമാജ സ്നേഹികളായ മറ്റു എല്ലാവർക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

**ചാരിറ്റി**

സമാജത്തിന്റെ സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് ജീവകാരണ്യ പ്രവർത്തനങ്ങൾ നടത്തി വരുന്നു. നമ്മുടെ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠിക്കുന്നതിന് പുസ്തകങ്ങൾ, യൂണിഫോം കൂടാതെ പാവപ്പെട്ട കുട്ടികൾക്ക് വാഹനസൗകര്യം എന്നിവ നടത്തി പോരുന്നു.

**ശ്മശാനം**

ശ്മശാനം നല്ല രീതിയിൽ എല്ലാവർക്കും ഉപകാരപ്രദമാകുംവിധം നടന്നു വരുന്നു. നമ്മുടെ സാമ്പത്തിക ഭദ്രതയ്ക്ക് കോട്ടംവരാതെ തന്നെ എല്ലാകാര്യങ്ങളും ഈ സാമ്പത്തിക വർഷം നടത്തുവാൻ സാധിച്ചു.

**മറ്റ് കാര്യങ്ങൾ**

റിപ്പോർട്ട് വർഷത്തിലെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് ആത്മാർത്ഥമായി സഹകരിക്കുകയും സഹായിക്കുകയും ചെയ്ത സമാജം ജീവനക്കാരോടും യഥാസമയങ്ങളിൽ നിയമോപദേശങ്ങൾ നൽകി സഹായിച്ച ലീഗൽ അഡ്വൈസറോടും കണക്കുകൾ കൃത്യസമയത്ത് ഓഡിറ്റ് ചെയ്ത് തന്ന ഓഡിറ്റേഴ്സിനോടും എസ്.എൻ.വൈ.എസ്. പ്രാദേശിക ഉത്സവാഘോഷകമ്മറ്റി ഭാരവാഹികൾ, ക്ഷേത്രം ശാന്തിമാർ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകരോടും പ്രത്യേകം നന്ദി രേഖപ്പെടുത്തികൊണ്ട് ഈ പ്രവർത്തനറിപ്പോർട്ട് മാന്യ സമാജം മെമ്പർമാരുടെ ചർച്ചക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു.

എന്ന്,

ഇരിങ്ങാലക്കുട — സെക്രട്ടറി (ഒപ്പ്)

23-04-2020 — **രാമാനന്ദൻ ചെറാക്കുളം**

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
## ക്ഷേത്രഭരണം 2019 – 2020 ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| പറമ്പുസംരക്ഷണം | 35837 | 50 | പലിശ | 3785 | 00 |
| പ്രിന്റിംഗ് & സ്റ്റേഷനറി | 820 | 00 | മെമ്പർഷിപ്പ് ഫീസ് | 137 | 50 |
| വിദ്യാഭ്യാസ ചിലവുകൾ | 20170 | 00 | സംഭാവന | 189627 | 00 |
| പലവക | 3665 | 00 | പറമ്പാദായം | 9520 | 00 |
| ഷഷ്ഠി | 1327402 | 00 | വാടക | 120000 | 00 |
| പൂജ | 639738 | 00 | വിഹാഹസംഭാവന | 34400 | 00 |
| ചാരിറ്റി | 153350 | 00 | ഹാളിൽനിന്നും വരവ് | 1962259 | 00 |
| ജയന്തി & സമാധി | 129687 | 00 | നടവരവ് | 218881 | 00 |
| സ്പോർട്സ് | 8600 | 00 | ഭണ്ഡാരം വരവ് | 271107 | 00 |
| ലൈബ്രറി | 55000 | 00 | പൂജ | 421557 | 00 |
| ഇൻഷൂറൻസ് | 22318 | 00 | ഷഷ്ഠി | 795851 | 00 |
| ലൈസൻസ് ഫീസ് | 5000 | 00 | | | |
| പ്രൊഫഷണൽ ടാക്സ് | 4900 | 00 | | | |
| സ്വീകരണം | 3975 | 00 | | | |
| അന്യായം | 184650 | 00 | | | |
| റിപ്പയറിംഗ് & മെയിന്റനൻസ് | 379821 | 00 | | | |
| പൊതുയോഗം | 94815 | 00 | | | |
| ഇലക്ഷൻ | 25367 | 00 | | | |
| നികുതി | 7852 | 00 | | | |
| തേയ്മാനം | 843038 | 88 | | | |
| ലാഭം | 81118 | 12 | | | |
| **ആകെ** | **4027124** | **50** | **ആകെ** | **4027124** | **50** |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട

## ക്ഷേത്രഭരണം 31–03–2020 ലെ മുതൽകടം സ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 9886310 | 74 | വസ്തുവഹകൾ, ബിൽഡിംഗ് മുതലായവ | 10526032 | 33 |
| കുറി അക്കൗണ്ട് | 4550560 | 63 | ഡെപ്പോസിറ്റ് ഇരിങ്ങാലക്കുട സർവ്വീസ് | | |
| മാതൃസംഗമം | 55677 | 00 | കോ-ഓപ്പറേറ്റീവ് ബാങ്ക് | 149015 | 00 |
| ഹാൾ ബുക്കിംഗ് അഡ്വാൻസ് | 1430000 | 00 | തൃശ്ശൂർ അഗ്രികൾച്ചറൽ & നോൺ അഗ്രി | | |
| വിവാഹ വാർഷിക ദമ്പതി പൂജ | 113110 | 00 | കൾച്ചറൽ കോ-ഓപ്പറേറ്റീവ് ബാങ്ക് | 61682 | 00 |
| ജന്മനക്ഷത്ര പൂജ ഫണ്ട് | 2002 | 00 | ശ്മശാന അഡ്വാൻസ് | 600000 | 00 |
| | | | SNBS സമാജം LPസ്കൂൾ അഡ്വാൻസ് | 4476660 | 00 |
| | | | ബാങ്ക് ബാലൻസ് | 150729 | 16 |
| | | | ഗുരുദേവ കൗൺസിലിംഗ് സെന്റർ | 50790 | 00 |
| | | | കയ്യിരിപ്പ് | 22751 | 88 |
| **ആകെ** | **16037660** | **37** | **ആകെ** | **16037660** | **37** |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
## കുറി 2019 – 2020 ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| പലിശ | 812471 | 00 | പലിശ | 729326 | 00 |
| പ്രിന്റിംഗ് & സ്റ്റേഷനറി | 11359 | 00 | കമ്മീഷൻ | 733485 | 00 |
| ശമ്പളം, അലവൻസ് | 5841486 | 00 | വട്ടമെത്തിയ കുറികളിൽ നിന്നുള്ള ആദായം | 1002023 | 70 |
| വാടക | 60000 | 00 | | | |
| കറന്റ് ചാർജ്ജ് | 19795 | 00 | | | |
| ടെലഫോൺ ചാർജ്ജ് | 9912 | 00 | | | |
| ബാങ്ക് ചാർജ്ജ് | 969 | 16 | | | |
| പ്രൊഫഷണൽ ടാക്സ് | 2500 | 00 | | | |
| യാത്രാചിലവ് | 128517 | 00 | | | |
| പോസ്റ്റേജ് | 225 | 00 | | | |
| പലവക | 8500 | 00 | | | |
| കുറി, കമ്മറ്റി ചിലവ് | 33878 | 00 | | | |
| സ്വീപ്പിംഗ് ചാർജ്ജ് | 239175 | 00 | | | |
| സ്റ്റാഫ് & സബ്സ്ക്രൈബേഴ്സ് വെൽഫെയർ | 236895 | 00 | | | |
| ബോണസ്സ് | 67726 | 00 | | | |
| ഫെസ്റ്റിവൽ അലവൻസ് | 26776 | 00 | | | |
| ലൈബ്രറി | 4156 | 00 | | | |
| ഓഡിറ്റ് ഫീസ് | 47000 | 00 | | | |
| പ്രൊവിഡണ്ട് ഫണ്ട് | 40014 | 00 | | | |
| റിപ്പയേഴ്സ് | 16335 | 00 | | | |
| ലിറ്റിഗേഷൻ ചാർജ്ജ് | 500 | 00 | | | |
| പ്രൊഫഷണൽ ചാർജ്ജ് | 7100 | 00 | | | |
| പരസ്യം | 6000 | 00 | | | |
| സംഭാവന | 5000 | 00 | | | |
| തേയ്മാനം | 26426 | 40 | | | |
| നീക്കിയിരിപ്പ് | 72119 | 14 | | | |
| **ആകെ** | **2464834** | **70** | | **2464834** | **70** |

# എസ്.എൻ.ബി.എസ്.സമാജം, ഇരിങ്ങാലക്കുട
## കുറി 2019–2020 ലെ മുതൽ കടംസ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 1829935 | 72 | ഫർണീച്ചർ, വാൻ, ജനറേറ്റർ മുതലായവ | 181240 | 07 |
| റിസർവ്വ് ഫണ്ട് | 47236 | 62 | ക്ഷേത്രഭരണം | 4550560 | 63 |
| വിദ്യാഭ്യാസ ഫണ്ട് | 21109 | 00 | സമാജം കുറികൾ | 685239 | 00 |
| എൻഡോവ്മെന്റ് (പി.എ.മാണിക്ക്യൻ) | 23672 | 00 | റെന്റ് ഡെപ്പോസിറ്റ് | 900 | 00 |
| എൻഡോവ്മെന്റ് (തറയിൽ കൃഷ്ണൻകുട്ടി) | 5933 | 00 | എൻഡോവ്മെന്റ് | 5001 | 00 |
| ഡെയ്‌ലി കളക്ഷൻ | 96052 | 09 | വിദ്യാഭ്യാസ ഫണ്ട് | 20000 | 00 |
| കുറി അക്കൗണ്ട് | 3779989 | 69 | ഇൻകം ടാക്സ് പിടിച്ചത് | 884361 | 53 |
| ക്രഡിറ്റേഴ്സ് ഫോർ എക്സ്പെൻസസ് | 341025 | 00 | ബാങ്ക് ഡെപ്പോസിറ്റ് | 6108076 | 00 |
| കുറി സെക്യൂരിറ്റി ഡെപ്പോസിറ്റ് | 7557796 | 05 | ബാങ്ക് ബാലൻസ് | 1140652 | 51 |
| | | | അഡ്വാൻസ് | 2000 | 00 |
| | | | കയ്യിരിപ്പ് | 10806 | 43 |
| **ആകെ** | **13702749** | **17** | **ആകെ** | **13702749** | **17** |

# കുറി ബഡ്ജറ്റ് 2020 – 2021

## വരവ്

| | ഇനവിവരം | 2019-20ലേക്ക് പ്രതീക്ഷിച്ചത് | | 2019-20ലെ അസ്സൽവരവ് | | 2020-21ലേക്ക് പ്രതീക്ഷിക്കുന്നത് | |
|---|---|---|---|---|---|---|---|
| 1. | കമ്മീഷൻ | 600000 | 00 | 733485 | 00 | 500000 | 00 |
| 2. | പലിശ | 1000000 | 00 | 729326 | 00 | 400000 | 00 |
| 3. | വട്ടമെത്തിയ കുറികളിൽ നിന്നുള്ള ആദായം | 1200000 | 00 | 1002023 | 70 | 1000000 | 00 |
| 4. | സമാജം ചേർന്ന് നടത്തിയ കുറികളിൽ നിന്നുള്ള ആദായം | | | | | 300000 | 00 |
| | **ആകെ** | **2800000** | **00** | **2464834** | **70** | **2200000** | **00** |

## ചിലവ്

| | ഇനവിവരം | 2019-20ലേക്ക് പ്രതീക്ഷിച്ചത് | | 2019-20ലെ അസ്സൽവരവ് | | 2020-21ലേക്ക് പ്രതീക്ഷിക്കുന്നത് | |
|---|---|---|---|---|---|---|---|
| 1. | പലിശ | 1000000 | 00 | 812471 | 00 | 750000 | 00 |
| 2. | ശമ്പളം, അലവൻസ് | 600000 | 00 | 581486 | 00 | 600000 | 00 |
| 3. | വാടക | 60000 | 00 | 60000 | 00 | 60000 | 00 |
| 4. | പ്രിന്റിംഗ്, സ്റ്റേഷനറി | 30000 | 00 | 11359 | 00 | 20000 | 00 |
| 5. | കറന്റ് ചാർജ്ജ് | 10000 | 00 | 19785 | 00 | 20000 | 00 |
| 6. | ടെലഫോൺ ചാർജ്ജ് | 20000 | 00 | 9912 | 00 | 20000 | 00 |
| 7. | ബാങ്ക് ചാർജ്ജ് | 10000 | 00 | 969 | 16 | 10000 | 00 |
| 8. | പ്രൊഫഷണൽ ടാക്സ് | 10000 | 00 | 2500 | 00 | 10000 | 00 |
| 9. | യാത്രാചിലവ് | 200000 | 00 | 128517 | 00 | 100000 | 00 |
| 10. | പോസ്റ്റേജ് | 5000 | 00 | 225 | 00 | 2000 | 00 |
| 11. | പലവക | 10000 | 00 | 8500 | 00 | 5000 | 00 |
| 12. | കുറി, കമ്മറ്റി ചിലവ് | 60000 | 00 | 33878 | 00 | 30000 | 00 |
| 13. | പരസ്യം | ............... | .... | 6000 | 00 | ............ | ... |
| 14. | സ്വീപ്പിംഗ് | 280000 | 00 | 239175 | 00 | 100000 | 00 |
| 15. | ലിറ്റിഗേഷൻ ചാർജ്ജ് | 10000 | 00 | 500 | 00 | 10000 | 00 |
| 16. | സ്റ്റാഫ് & സബ്സ്ക്രൈബേഴ്സ് വെൽഫെയർ ഫണ്ട് | 100000 | 00 | 236895 | 00 | 90000 | 00 |
| 17. | ബോണസ്സ് | 90000 | 00 | 67726 | 00 | 90000 | 00 |
| 18. | ഫെസ്റ്റിവൽ അലവൻസ് | 40000 | 00 | 26776 | 00 | 30000 | 00 |
| 19. | പ്രൊഫഷണൽ ചാർജ്ജ് | 20000 | 00 | 7100 | 00 | 25000 | 00 |
| 20. | സംഭാവന | 10000 | 00 | 5000 | 00 | 10000 | 00 |
| 21. | ലൈബ്രറി | 10000 | 00 | 4156 | 00 | 10000 | 00 |
| 22. | ഓഡിറ്റ് ഫീസ് | 50000 | 00 | 47000 | 00 | 50000 | 00 |
| 23. | പ്രൊവിഡന്റ് ഫണ്ട് | 60000 | 00 | 40014 | 00 | 50000 | 00 |
| 24. | റിപ്പയേഴ്സ് | 30000 | 00 | 16335 | 00 | 20000 | 00 |
| 25. | തേയ്മാനം | 50000 | 00 | 26426 | 40 | 30000 | 00 |
| 26. | നീക്കിയിരിപ്പ് | 35000 | 00 | 72129 | 14 | 58000 | 00 |
| | **ആകെ** | **2800000** | **00** | **2464834** | **70** | **2200000** | **00** |

# ക്ഷേത്രഭരണം ബഡ്ജറ്റ് 2020 – 2021

| | ഇനവിവരം | 2019 - 20ലേക്ക് പ്രതീക്ഷിച്ചത് | | 2019 - 20ലെ അസ്സൽവരവ് | | 2020 - 21ലേക്ക് പ്രതീക്ഷിക്കുന്നത് | |
|---|---|---|---|---|---|---|---|
| 1. | ഹാളിൽ നിന്നും വരവ് | 2000000 | 00 | 1962259 | 00 | 1800000 | 00 |
| 2. | നടവരവ് | 250000 | 00 | 218881 | 00 | 250000 | 00 |
| 3. | ഭണ്ഡാരം വരവ് | 250000 | 00 | 271107 | 00 | 250000 | 00 |
| 4. | സംഭാവന | 50000 | 00 | 189627 | 00 | 200000 | 00 |
| 5. | വിവാഹസംഭാവന | 50000 | 00 | 34400 | 00 | 20000 | 00 |
| 6. | പറമ്പാദായം | 50000 | 00 | 9520 | 00 | 50000 | 00 |
| 7. | വാടക | 120000 | 00 | 120000 | 00 | 120000 | 00 |
| 8. | പലിശ | 10000 | 00 | 3785 | 00 | 10000 | 00 |
| 9. | മെമ്പർഷിപ്പ് ഫീസ് | 1500 | 00 | 137 | 50 | 1500 | 00 |
| 10. | ഷഷ്ഠി | 800000 | 00 | 795851 | 00 | 700000 | 00 |
| 11 | പൂജ | 700000 | 00 | 421557 | 00 | 600000 | 00 |
| | **ആകെ** | **4281500** | **00** | **4027124** | **50** | **4001500** | **00** |

## ചിലവ്

| | ഇനവിവരം | 2019 - 20ലേക്ക് പ്രതീക്ഷിച്ചത് | | 2019 - 20ലെ അസ്സൽവരവ് | | 2020 - 21ലേക്ക് പ്രതീക്ഷിക്കുന്നത് | |
|---|---|---|---|---|---|---|---|
| 1. | ഷഷ്ഠി | 1000000 | 00 | 1327402 | 00 | 1200000 | 00 |
| 2. | പൂജ | 600000 | 00 | 639738 | 00 | 600000 | 00 |
| 3. | ജയന്തി & സമാധി | 200000 | 00 | 129687 | 00 | 150000 | 00 |
| 4. | പറമ്പു സംരക്ഷണം | 75000 | 00 | 35837 | 50 | 75000 | 00 |
| 5. | റിപ്പയറിംഗ്, മെയിന്റനൻസ് | 600000 | 00 | 379821 | 00 | 400000 | 00 |
| 6. | പ്രിന്റിംഗ് & സ്റ്റേഷനറി | 10000 | 00 | 820 | 00 | 10000 | 00 |
| 7. | നികുതി | ........... | .... | 7852 | 00 | 10000 | 00 |
| 8. | സ്വീകരണം | 10000 | 00 | 3975 | 00 | 10000 | 00 |
| 9. | പൊതുയോഗം | 100000 | 00 | 94815 | 00 | 100000 | 00 |
| 10 | തിരഞ്ഞെടുപ്പ് | 75000 | 00 | 25367 | 00 | 75000 | 00 |
| 11. | പലവക | 15000 | | 3665 | | 15000 | 00 |
| 12. | ചാരിറ്റി | 170000 | 00 | 153350 | 00 | 170000 | 00 |
| 13. | ലൈബ്രറി | 80000 | 00 | 55000 | 00 | 75000 | 00 |
| 14 | സ്പോർട്സ് | 20000 | 00 | 8600 | | 10000 | 00 |
| 15. | ഇൻഷൂറൻസ് | 20000 | 00 | 22318 | 00 | 25000 | 00 |
| 16. | വിദ്യാഭ്യാസ ചെലവുകൾ | 200000 | 00 | 20170 | 00 | 25000 | 00 |
| 17. | ലൈസൻസ് ഫീ & ടാക്സ് | 30000 | 00 | 9900 | 00 | 20000 | 00 |
| 18. | തേയ്മാനം | 500000 | 00 | 843038 | 88 | 850000 | 00 |
| 19. | കേസ് | 50000 | 00 | 184650 | 00 | 50000 | 00 |
| 20. | ഹാൾ ചിലവ് | 400000 | 00 | ............ | ... | .............. | .... |
| 21. | നീക്കിയിരിപ്പ് | 126500 | 00 | 81118 | 12 | 131500 | 00 |
| | **ആകെ** | **4281500** | **00** | **4027124** | **50** | **4001500** | **00** |

# ക്ഷേത്രഭരണം സപ്ലിമെന്ററി ബഡ്ജറ്റ് 2019 – 2020

| | ഇനവിവരം | 2019 - 20 ലേക്ക് പ്രതീക്ഷിച്ചത് | | 2019 - 20ലെ അസ്സൽചെലവ് | | 2019 - 20ലെ അധിക ചെലവ് | |
|---|---|---|---|---|---|---|---|
| 1. | ഹാൾ ചിലവ് | 400000 | 00 | 529741 | 00 | 129741 | 00 |
| 2. | പൂജ | 600000 | 00 | 639738 | 00 | 39738 | 00 |
| 3. | ഷഷ്ഠി | 1000000 | 00 | 1327402 | 00 | 327402 | 00 |
| 4. | തേയ്മാനം | 500000 | 00 | 843038 | 88 | 343038 | 88 |
| 5. | കേസ് | 50000 | 00 | 184650 | 00 | 134650 | 00 |
| 6. | ഇൻഷൂറൻസ് | 20000 | 00 | 22318 | 00 | 2318 | 00 |
| | | **2570000** | **00** | **3546887** | **88** | **976887** | **88** |

# കുറി സപ്ലിമെന്ററി ബഡ്ജറ്റ് 2019 – 2020

| | ഇനവിവരം | 2019 - 20 ലേക്ക് പ്രതീക്ഷിച്ചത് | | 2019 - 20ലെ അസ്സൽചെലവ് | | 2019 - 20ലെ അധിക ചെലവ് | |
|---|---|---|---|---|---|---|---|
| 1. | കറന്റ് ചാർജ്ജ് | 10000 | 00 | 19785 | 00 | 9785 | 00 |
| 2. | സ്റ്റാഫ് & സബ്സ്ക്രൈബേഴ്സ് വെൽഫയർഫണ്ട് | 100000 | 00 | 236895 | 00 | 136895 | 00 |
| | | **110000** | **00** | **256680** | **00** | **146680** | **00** |